**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3678** **14-07-2022 - ൽ മറുപടിയ്ക്ക്**

**വെറ്റിനറി ഡോക്ടർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ ക്ഷീരകർഷകർക്ക് വെറ്റിനറി ഡോക്ടർമാരുടെ സേവനം രാത്രി കാലങ്ങളിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ ക്ഷീര കർഷകർക്ക് വെറ്ററിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) 24 മണിക്കൂർ സേവനം നൽകുന്ന മൃഗാശുപത്രികൾ - ദിവസം മൂന്ന് ഷിഫ്റ്റുകളിലായി മൃഗചികിത്സാ സേവനം നൽകുന്നു.<br><br>2) രാത്രികാല മൃഗചികിത്സാ സേവനം വീട്ടുപടിയ്ക്കൽ (സംസ്ഥാന പദ്ധതി)-ബ്ലോക്ക് അടിസ്ഥാനത്തിൽ അടിയന്തിര മൃഗചികിത്സാസേവനം രാത്രികാലങ്ങളിൽ കർഷകന്റെ വീട്ടുപടിയ്ക്കൽ ലഭ്യമാക്കുന്നു. |
| (ബി) | ജില്ലയിലെ ഏതെല്ലാം മൃഗാശുപത്രികളിലാണ് ഇത്തരം സേവനം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | **24 മണിക്കൂർ സേവനം നൽകുന്ന മൃഗാശുപത്രികൾ:-**<br><br>(എ) വെറ്ററിനറി പോളിക്ലിനിക് സുൽത്താൻ ബത്തേരി<br><br>(ബി) വെറ്ററിനറി പോളിക്ലിനിക് മാനന്തവാടി<br><br>**രാത്രികാല മൃഗചികിത്സാ സേവനം വീട്ടുപടിയ്ക്കൽ സംസ്ഥാന പദ്ധതി:-**<br><br>(എ) ജില്ലാ വെറ്ററിനറി കേന്ദ്രം കല്പറ്റ (കല്പറ്റ ബ്ലോക്ക്)<br><br>(ബി)വെറ്ററിനറി പോളിക്ലിനിക് സുൽത്താൻ ബത്തേരി(സുൽത്താൻ ബത്തേരി ബ്ലോക്ക്)<br><br>(സി)വെറ്ററിനറി പോളിക്ലിനിക് മാനന്തവാടി (മാനന്തവാടി ബ്ലോക്ക്)<br><br>(ഡി) വെറ്ററിനറി ഹോസ്പിറ്റൽ പുൽപ്പള്ളി (പനമരം ബ്ലോക്ക്) |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ ഒരു വർഷക്കാലം വയനാട് ജില്ലയിൽ എത്ര ക്ഷീര കർഷകർക്ക് രാത്രികാല സേവനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ ഒരു വർഷക്കാലം വയനാട് ജില്ലയിൽ 2504 ക്ഷീര കർഷകർക്ക് രാത്രികാല സേവനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ